(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കണ്ണൂരിലെ സമാധാന കമ്മിറ്റി

5 (*305)ശ്രീ. പി.ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുത്തത് എന്നാണ്; ഈ തീരുമാനത്തിൽ ആരെല്ലാം പങ്കാളികളായിരുന്നു;

(ബി) പ്രസ്തുത തീരുമാനത്തിനു ശേഷം കണ്ണൂർ ജില്ലയിൽ സമാധാന ലംഘനം നടന്നിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(സി) ഈ സമാധാനലംഘനത്തിൽ എന്തെല്ലാം അനിഷ്ടസംഭവങ്ങളുണ്ടായി; ഈ ഓരോ അനിഷ്ടസംഭവങ്ങളിലും ഏതു കക്ഷിയിൽപ്പെട്ടവരാണ് ആദ്യം സമാധാനലംഘനം നടത്തിയതെന്ന് അറിയിക്കുമോ;

(ഡി) കണ്ണൂർ ജില്ലയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു സമാധാന കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; ഈ കമ്മിറ്റി എപ്പോഴെല്ലാം യോഗം ചേരണമെന്നാണ് വിവക്ഷിച്ചിരുന്നത്:

(ഇ) അതനുസരിച്ച് ഈ സമിതി എപ്പോഴെല്ലാം യോഗം ചേർന്നു എന്നും, എന്തെല്ലാം തുടർനടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 6.12.99-ന് മുഖ്യമന്ത്രിക്കും ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ.സി. ഷൺമുഖദാസിനും പുറമേ വിവിധ രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന-ജില്ലാതല നേതാക്കന്മാരും കണ്ണൂർ ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ തുടങ്ങിയവരും ഉന്നത പോലീസ്/റവന്യൂ ഉദ്യോഗസ്ഥന്മാരും മറ്റുമാണ് യോഗത്തിൽ പങ്കെടുത്തിരുന്നത്.

(ബി)&(സി) കൂത്തുപറമ്പ്, മട്ടന്നൂർ, പാനൂർ, കുടിയാന്മല, തലശ്ശേരി പോലീസ് സർക്കിൾ മേഖലകളിൽ ചില അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെ 14 കേസുകളും, ബി.ജെ.പി-ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ 10 കേസുകളും കോൺഗ്രസ് (ഐ), ഐ.യു.എം.എൽ. പ്രവർത്തകർക്കെതിരെ ഓരോ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) സമാധാന കമ്മിറ്റി രൂപീകരിച്ചിരുന്നു. 8-12-99, 6-1-2000, 7-2-2000 എന്നീ തീയതികളിൽ ജില്ലാതല സമാധാനയോഗം ചേർന്നിരുന്നു. രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടായാൽ പ്രാദേശിക തലത്തിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികളെ സംഘടിപ്പിച്ചു കൊണ്ട് സമാധാനയോഗം വിളിച്ചു ചേർത്ത് ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലയിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും സി.ഐ.

LIBRARY ARCHIVES Kerala Legislative Assembly

മാർക്കും സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജയിൽ നവീകരണവും തടവുകാരുടെ ക്ഷേമവും

6 (*306)ശ്രീ. പി. രാജു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക പരിവർത്തനംവഴി കുറ്റവാളികളെ നല്ല ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തടവുകാരുടെ ക്ഷേമത്തിനായി എന്തു തുക ചെലവഴിച്ചു; ജയിൽ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചു;

(സി) ജയിൽ നവീകരണത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികൾക്കാണ് സഹായം ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്. 'തടവുകാരുടെ ക്ഷേമം' എന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. തടവുകാരുടെ കലാകായിക മത്സരങ്ങൾ ജയിലുകളിൽ നടത്താറുണ്ട്. ഒരാഴ്ച നീണ്ടുനിൽക്കുന്ന ഈ മത്സരപരിപാടികൾ സമാപിക്കുന്നത് ജയിൽ ദിനമായി ആഘോഷിച്ചുകൊണ്ടാണ്. ശിക്ഷ എന്ന നിലയിൽ കഠിനജോലി ചെയ്യിക്കുന്നതുകൊണ്ട് തടവുകാർക്കോ സമൂഹത്തിനോ പ്രയോജനമുണ്ടാകുന്നില്ല എന്നതിനാൽ വിടുതലിനു ശേഷം ഒരു ജീവിത മാർഗ്ഗമെന്ന നിലയിൽ ചെയ്യാൻ കഴിയുന്ന തൊഴിൽ ചെയ്യിക്കുകയും അതിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു. തടവുകാർക്ക് വായിക്കാൻ പുസ്തകങ്ങൾ വാങ്ങി നൽകുന്നുണ്ട്. കൂടാതെ ജയിലുകളിൽ തടവുകാർക്കായി ടെലിവിഷൻ സെറ്റുകൾ, വി.സി.ആർ., റേഡിയോ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(ബി) തടവുകാരുടെ ക്ഷേമത്തിനായി 90,80,834/- രൂപയും ജയിൽ നവീകരണത്തിനായി 8,95,23,212 രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തടവുകാരുടെ കൂലി പുതുക്കുന്നതു സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ജയിൽ നവീകരണത്തിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. ജയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടിയാണ് പ്രധാനമായും കേന്ദ്രസഹായം ലഭിച്ചു വരുന്നത്. കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും സെൻട്രൽ ജയിലുകളിൽ നിരീക്ഷണഗോപുരങ്ങൾ സ്ഥാപിക്കുന്നതിനും കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly